# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 30**

---

## പരീക്ഷകൾ മാറ്റി

ഇന്നും(ജനുവരി 31) ഫെബ്രുവരി രണ്ടിനും നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ(2023 അഡ്മിഷൻ റഗുലർ, 2019,2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി), അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി(അഫിലിയേറ്റഡ് കോളജുകൾ) പരീക്ഷകൾ മാറ്റി വച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/103/2024)

## ഫാക്കൽറ്റി ഡെവലപ്മെൻറ് പ്രോഗ്രാം അഞ്ചു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല കോളജ് ഡവലപ്മെൻറ് കൗൺസിലും മാർ ക്രിസോസ്റ്റം ചെയറും സംയുക്തമായി നടത്തുന്ന ഫാക്കൽറ്റി ഡെവലപ്മെൻറ് പ്രോഗ്രാം ഫെബ്രുവരി അഞ്ചു മുതൽ ഒൻപതു വരെ സർവകലാശാലയിലെ ഐ.ഐ.ആർ.ബി.എസ് സെമിനാർ ഹാളിൽ നടക്കും. അഞ്ചിന് രാവിലെ പത്തിന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും അധ്യാപകർ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾ 9446316179, 9447675755 എന്നീ നന്പരുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/104/2024)

## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും പാലാ ഡിമെൻഷ്യ കെയറും സംയുക്തമായി മറവിരോഗികളുടെയും മുതിർന്നവരുടെയും പരിപാലനവും കൗൺസലിംഗും എന്ന വിഷയത്തിൽ നടത്തുന്ന ആറു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ

ക്ഷണിച്ചു.

പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു ആണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല.

ക്ലാസ്സുകൾ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലുമായിരിക്കും. തിയറി ക്ലാസ്സുകൾ സർവകലാശാലയിലും പരിശീലനം വിവിധ കേന്ദ്രങ്ങളിലും നടത്തും.

താൽപര്യമുള്ളവർ iucdsmgu@mgu.ac.in എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ-9288757184, 8891391580, 9447226779.

(പി.ആർ.ഒ/39/105/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം., എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.ടി.എ, എം.ടി.ടി.എം, എം.എച്ച്.എം, എം.എം.എച്ച്(സി.എസ്.എസ് - 2018 അഡ്മിഷൻ സപ്ലിമെൻററി, 2015,2016,2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി അഞ്ചു മുതൽ ഒൻപതു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഫൈനോടു കൂടി ഫെബ്രുവരി 12നും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി 13നും അപേക്ഷ സ്വീകരിക്കും.കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

......................................

ഫബ്രുവരി 16ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ഡോക്യുമെൻറേഷൻ(2023 അഡ്മിഷൻ റഗുലർ, 2022-2022 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016,2017 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഫൈനോടു കൂടി ഫെബ്രുവരി ആറിനും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി ഏഴിനും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/106/2024)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബി.വോക് അഗ്രികൾച്ചർ ടെക്നോളജി(2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം, ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി അഞ്ചു മുതൽ കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളജിൽ നടക്കും.

......................

ഒന്നാം സെമസ്റ്റർ ബിയവോക് റിന്യുവബിൾ എനർജി മാനേജ്മെൻറ്, റിന്യുവബിൾ എനർജി ടെക്നോളജി ആൻറ് മാനേജ്മെൻറ്(2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം, ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 14 മുതൽ ആലുവ ശ്രീ ശങ്കര കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/107/2024)

## പരീക്ഷാഫലം

മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ പൊളിറ്റിക്കൽ സയൻസ്(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി നാലു വരെ ഓൺലൈനിൽ സമർപ്പിക്കാം.

......................

മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ സോഷ്യോളജി(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 15 വരെ ഓൺലൈനിൽ സമർപ്പിക്കാം.

......................

കഴിഞ്ഞ ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ ഹിസ്റ്റോറിക്കൽ സ്റ്റഡീസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 13 വരെ ഓൺലൈനിൽ സമർപ്പിക്കാം.

......................

രണ്ടാം സെമസ്റ്റർ എം.എ ഹിസ്റ്ററി, എം.എ ഇംഗ്ലീഷ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 13 വരെ ഓൺലൈനിൽ സമർപ്പിക്കാം.

..........................

രണ്ടാം സെമസ്റ്റർ എം.എ മലയാളം(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 15 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/108/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**